പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.3054

11.12.2014 ൽ

മറുപടി നൽകേണ്ടിയിരുന്നത്

## ഇ.എഫ്.എൽ. നിയമം - റവന്യൂ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കൽ

ചോദ്യം

ശ്രീ.റോഷി അഗസ്റ്റിൻ :

ഡോ.എൻ.ജയരാജ് :

ശ്രീ.പി.സി.ജോർജ്ജ് :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്

(ബഹു.റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇ.എഫ്.എൽ. നിയമം മൂലം എത്ര ഹെക്ടർ വിസ്തൃതി റവന്യൂ ഭൂമിയാണ് ചെറുകിട കർഷകരിൽ നിന്ന് സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | ഇ.എഫ്.എൽ. നിയമപ്രകാരം സർക്കാർ വനങ്ങളോട് ചേർന്നുകിടക്കുന്നതോ അവയാൽ ചുറ്റപ്പെട്ടു കിടക്കുന്നതോ ആയ സ്വകാര്യ സ്വാഭാവിക വനങ്ങളാണ് നിയമത്തിന്റെ 3(1) വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമാകുന്നത്. യാതൊരു കൃഷി ഭൂമിയും ഈ വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമാകുന്നതല്ല. നിയമം നടപ്പിലാക്കിയപ്പോൾ ചെറുകിട കർഷകരുടെ ഏകദേശം 417 ഹെക്ടർ കൃഷി ഭൂമി തെറ്റായി ഇ.എഫ്.എൽ. ആക്കി വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (ബി) | ഇപ്രകാരം നിക്ഷിപ്തമാക്കിയ ഭൂമി ചെറുകിട കർഷകർക്ക് തിരികെ നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ബി) | ഇ.എഫ്.എൽ. നിയമം നടപ്പിലാക്കുമ്പോൾ അതിൽ കൃഷിഭൂമി ഏതെങ്കിലും ഉൾപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അത് പരിഹരിച്ച് കൃഷിഭൂമി തിരികെ നൽകുവാൻ നിയമത്തിൽ സെക്ഷൻ 10, 10 എ, 19 എന്നീ വകുപ്പുകളിൽ വ്യവസ്ഥയുണ്ട്. മേൽ വ്യവസ്ഥകൾ പ്രകാരം 319 ഹെക്ടർ ഭൂമി ഇ.എഫ്.എൽ - ൽ നിന്നും ഒഴിവാക്കിയിരുന്നു. 10 എ പ്രകാരമുള്ള അപേക്ഷ സമർപ്പിക്കാനുള്ള കാലയളവ് അവസാനിച്ച സ്ഥിതിയ്ക്ക് ഒരു അവസരം കൂടി നൽകുന്നതിനുള്ള നിയമ ഭേദഗതിയ്ക്ക് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഫോറസ്റ്റ് ട്രൈബ്യൂണലുകളിലൂടെയും തർക്കപരിഹാരം വരുത്താവുന്നതാണ്.<br><br>സെക്ഷൻ ഓഫീസർ |